"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം വീഡിയോ ഡോക്യുമെന്ററിയോടൊപ്പം അച്ചടിക്കുന്ന മറ്റ് ലഘുലേഖകൾക്കും തനത് ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2015/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/10/2020

---

പരാമർശം:- 1 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020-ൽ നടന്ന യോഗത്തിന്റെ (ഓൺലൈൻ) നടപടിക്കുറിപ്പ് 3.11 നമ്പർ തീരുമാനം

2 സഉസാധാ നം.1591/18/തസ്വഭവ,തീയതി 12.06.2018

3 സഉസാധാ നം.1452/2020/തസ്വഭവ,തീയതി :04.08.2020

4 സഉസാധാ നം.1853/2020/തസ്വഭവ,തീയതി :09.10.2020

**<u>ഉത്തരവ്</u>**

23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ തനത് ഫണ്ടിൽ നിന്ന് പരമാവധി ഒരു ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ഒരു ഭരണ സമിതിയുടെ കാലഘട്ടത്തിൽ ഒരിക്കൽ മാത്രമാണ് ഇങ്ങനെ തുക ചെലവഴിക്കാവുന്നത് എന്നും നിർദ്ദേശിച്ചിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020, 24.06.2020 എന്നീ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം നിലവിലെ ഭരണ സമിതിയുടെ കാലത്തെ വികസനക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് 1.00 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് മുനിസിപ്പാലിറ്റി എന്നിവയ്ക്ക് 2.50 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് കോർപ്പറേഷൻ എന്നിവയ്ക്ക് 5.00 ലക്ഷം രൂപ വീതവും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പരാമർശം (2)ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ഡോക്യുമെന്റേഷന് ഇതിനകം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അതിനു പുറമെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം അധികമായി തുക ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇനി ചെലവഴിക്കുന്ന തുക പരാമർശം (3) ലെ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ അധികരിക്കാൻ പാടില്ല. വീഡിയോ ഡോക്യുമെന്ററിയോടൊപ്പം അച്ചടിക്കുന്ന മറ്റ് ലഘുലേഖകളും ഇതുപയോഗിച്ച് ചെയ്യാവുന്നതാണ്.

2.മേൽ നിർദ്ദേശങ്ങളോടെ പരാമർശം (3) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ